# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2455 : 18.7.2011 ന് മറുപടിയ്ക്ക്

### അനംഗീകൃത ഐ.ടി.ഐ. കളും കോഴ്സുകളും

**ചോദ്യം**

ശ്രീ. എ.എ. അസീസ് :
ശ്രീ. കോവൂർ കുഞ്ഞുമോൻ:

**ഉത്തരം**

ശ്രീ. ഷിബു ബേബിജോൺ
(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്തെ ഐ.ടി.ഐ. കളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ;

(എ) ഐ.ടി.ഐ. കളിലെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന്റെ ഭാഗമായി കാലപ്പഴക്കം ചെന്ന യന്ത്രോപകരണങ്ങൾക്ക് പകരം നൂതനവും കാലാനുസൃതവുമായ യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനും, നിലവിലുള്ള കെട്ടിടം നവീകരിക്കുന്നതിനും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും പദ്ധതിയുണ്ട്.

(ബി) ഐ.ടി.ഐ. കളിൽ കൂടുതൽ തൊഴിലധിഷ്ഠിത കോഴ്സുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത അനുസരിച്ച് മാത്രമേ കൂടുതൽ കോഴ്സുകൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

(സി) സ്വകാര്യ സ്ഥാപനങ്ങൾ നടത്തുന്ന അംഗീകൃതമല്ലാത്ത കോഴ്സുകളും, സ്ഥാപനങ്ങളും കണ്ടെത്താൻ നിലവിലുള്ള സംവിധാനം എന്തൊക്കെയാണ്;

(സി) വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ. കളുടെ പരിസരത്ത് ഇത്തരം സ്ഥാപനങ്ങളോ കോഴ്സുകളോ നടത്തുന്നത് ശ്രദ്ധയിൽപ്പെടുത്തുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനും അതത് ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഇത്തരക്കാർക്കെതിരെ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

(ഡി) ഇത്തരം സ്ഥാപനങ്ങൾക്കെതിരെ പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഇത്തരം കേസുകളിൽ കർശനമായ നടപടി സ്വീകരിക്കണമെന്ന് സംസ്ഥാന പോലീസ് മേധാവിയോട് ആവശ്യപ്പെട്ടിട്ടുള്ളതോടൊപ്പം ഇതിനുവേണ്ടിയുള്ള നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ